പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1256

20.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

**തിരുവനന്തപുരം കുഴിക്കാട്ട് നാഗരുകാവ് ക്ഷേത്രം ഇരിക്കുന്ന വസ്തുവിന്റെ കരം അടയ്ക്കുന്നത് സംബന്ധിച്ച്**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | തിരുവനന്തപുരം ജില്ലയിൽ ഉളിയാഴ്ത്തറ വില്ലേജിൽ കുഴിക്കാട്ട് നാഗരുകാവ് ക്ഷേത്രം ഇരിക്കുന്നവസ്തുവിന്റെ കരം അടയ്ക്കുന്നത് കുടിശ്ശിക ആയത് സംബന്ധിച്ച് 11/10/2013-ൽ എൽ. ആർ. എം.1/5867 നമ്പർ ഫയൽ പ്രകാരം തിരുവനന്തപുരം താലൂക്ക് ഓഫീസർ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | എ) | തിരുവനന്തപുരം ജില്ലയിൽ ഉളിയാഴ്ത്തറ വില്ലേജിൽ കുഴിക്കാട്ട് നാഗരുകാവ് ക്ഷേത്രം ഇരിക്കുന്ന വസ്തു സംബന്ധിച്ച എൽ. ആർ. എം.1/68671 നമ്പർ ഫയൽ അളവു നടപടികൾ സ്വീകരിക്കുന്നതിനായി താലൂക്ക് ഹെഡ് സർവ്വെയർക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | പ്രസ്തുത വസ്തുവിന്റെ കരം തീർത്തു കിട്ടുന്നതിന് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) | ധാരാളം അപേക്ഷകൾ നിലവിലുള്ളതിനാൽ മുൻഗണനാക്രമത്തിലാണ് അളവു നടപടികൾ സ്വീകരിച്ചുവരുന്നത്. |
| സി) | പ്രസ്തുത അപേക്ഷ സ്വീകരിച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത ഫയലിൽ കാലതാമസം വരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | സി) | ഭൂരഹിതരില്ലാത്ത കേരളം തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള ജോലികൾക്ക് സർവ്വെയർമാരെ നിയോഗിച്ചതിനാലും അപേക്ഷകളുടെ ബാഹുല്യവും കാരണമാണ് താമസമുണ്ടാകുന്നത്. |
| ഡി) | പ്രസ്തുത ഫയൽ എത്രദിവസത്തിനകം പരിശോധന നടത്തി തീരുമാനം കൈക്കൊള്ളുമെന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ; | ഡി) | ഫയലുകളിൽ മുൻഗണനാക്രമത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| ഇ) | പെറ്റീഷൻ തീർപ്പാക്കാതെ മാസങ്ങളോളം കാലതാമസം വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായിട്ടുള്ള സർവ്വെ ജോലികൾ കാരണം എൽ. ആർ.എം നടപടികൾ ചെയ്യുന്നതിന് വേണ്ട സർവ്വേയർമാരുടെ എണ്ണത്തിൽ കുറവ് വന്നു. |

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത വിഷയത്തിൽ തിരുവനന്തപുരം ആർ.ഡി.ഒ ഇടപെട്ട് എത്രയും വേഗം തീർപ്പാക്കണം എന്ന് നിർദ്ദേശിച്ചിട്ടും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ആർ.ഡി.ഒ.യ്ക്ക് നല്കിയ പെറ്റീഷനിൽ (പെറ്റീഷൻ നമ്പർ 6039/2013) താലൂക്ക് ഓഫീസ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | എഫ്) | റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകിയ പെറ്റീഷൻ നമ്പർ 6039/13 തിരുവനന്തപുരം അഡീഷണൽ തഹസീൽദാർക്ക് മേൽ നടപടികൾക്കായി അയച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരമുള്ള ജോലികൾക്കായി സർവ്വെയർമാരെ നിയോഗിച്ചതിനാലും അപേക്ഷകളുടെ ബാഹുല്യവും ജോലിഭാരവും കാരണമാണ് നടപടികൾ വൈകുന്നത്. അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ വേഗത്തിൽ ചെയ്തു തീർക്കേണ്ടി വന്നതിനാലും ആണ് കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ.